"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ്- ജീവനക്കാര്യം-വനിത ശിശു വികസന വകുപ്പിലെ സൂപ്രണ്ട് ഗ്രേഡ്1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 , സൂപ്രണ്ട് ഗ്രേഡ്II/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / സൂപ്രണ്ട് ഗ്രേഡ്III / ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച ഉത്തരവിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വനിത ശിശു വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.3/2025/WCDD    തീയതി,തിരുവനന്തപുരം, 28-01-2025

---

പരാമർശം:-
1. സ.ഉ (കൈ) നം 24/2017/സാനീവ തീയതി 30.06.2017
2. സ.ഉ (അച്ചടി) നം 10/2019/സാനീവ തീയതി 21.10.2019
3. സ.ഉ (കൈ) നം 06/2021/സാനീവ തീയതി 15.02.2021
4. വനിത ശിശു വികസന ഡയറക്ടറുടെ 08.07.2024 ലെ ഡിഡബ്ല്യുസിഡി/2414/2024-ഇ8 നം കത്ത്

<u>ഉത്തരവ്</u>

സാമൂഹ്യ നീതി വകുപ്പിനെ വിഭജിച്ച് പരാമർശം (1) പ്രകാരം വനിത ശിശു വികസന വകുപ്പ് രൂപീകരിച്ച സാഹചര്യത്തിൽ പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച എക്സിക്യുട്ടീവ് ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ഇരു വകുപ്പുകൾക്കുമായി സ്പെഷ്യൽ റൂൾ തയാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി അംഗീകരിച്ചിട്ടുള്ള കരട് ചട്ടങ്ങളുടെ അടിസ്ഥാനത്തിലും സാമൂഹ്യനീതി / വനിതാ ശിശു വികസന വകുപ്പുകൾക്ക് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ഇരു വകുപ്പിലെയും സൂപ്രണ്ട് ഗ്രേഡ്1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 , സൂപ്രണ്ട് ഗ്രേഡ്II/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II /സൂപ്രണ്ട് ഗ്രേഡ്III / ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ താൽക്കാലികമായി നിശ്ചയിച്ച് പരാമർശം (3)

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) വനിത ശിശു വികസന വകപ്പിലെ ഗസറ്റഡ് തസ്തികയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി ഫീഡർ കാറ്റഗറിയായി ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ്II (41300-87000)/ഡെപ്യൂട്ടി സുപ്രണ്ട് ഗ്രേഡ് ll (43400-91200) തസ്തികകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടി സുപ്രണ്ട് ഗ്രേഡ് ll തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ് ll തസ്തികയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഡെപ്യൂട്ടി സുപ്രണ്ട് ഗ്രേഡ് ll തസ്തികയിലേക്ക് നിയമനം ലഭിക്കുന്നവർ തുടർന്നും ഒരു വർഷ സേവനം പൂർത്തിയാക്കി നിർദ്ദിഷ്ട തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചാൽ മാത്രമേ ഗസറ്റഡ് തസ്തികയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I /ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് | തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാകൂ. എന്നാൽ ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ് ll തസ്തികയിലുള്ള ജീവനക്കാർ പ്രസ്തുത തസ്തികയിൽ ഒരു വർഷം പൂർത്തിയാകുമ്പോൾ ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ്I / ഡെപ്യൂട്ടി സുപ്രണ്ട് ഗ്രേഡ്. I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാകുന്നു. ഈ അനോമലി കാരണം രണ്ട് വ്യത്യസ്ത ശമ്പളസ്കെയിലുകളിലുള്ള തസ്തികകളിൽ നിന്ന് ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കുമ്പോൾ സീനിയോറിറ്റി മറികടന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് ll തസ്തികയിലെ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് ll തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നുണ്ടായിരുന്നില്ല. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റ അടിസ്ഥാനത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് ll തസ്തികയിൽ നിന്നും ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും നിലവിൽ ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ഒരു ഒഴിവു നിലവിലുണ്ടെന്നും ഈ തസ്തികയിൽ നിയമനം നടത്തുന്നതിനു ടി വിഷയത്തിൽ സ്വികരിക്കേണ്ട നടപടികളെ സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന

വകുപ്പിലെ വിവിധ ഗ്രേഡിലെ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നു.

"ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തിക 4 എണ്ണം മാത്രമേയുള്ളൂ എന്നത് കണക്കിലെടുത്ത് പ്രസ്തുത തസ്തികയെ ഒരു വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചും , ടി തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്ഥാനക്കയറ്റം ലഭിക്കുകയോ, വിരമിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയായി മാറ്റിയും വ്യവസ്ഥ ചെയ്തും, ഇത്തരത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തിക ഇല്ലാതാകുന്നതിനാൽ ക്ഷേമസ്ഥാപന സുപ്രണ്ട് ഗ്രേഡ്I /ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികകളെ സംയോജിപ്പിച്ച് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I എന്ന ഒരു തസ്തികയാക്കി മാറ്റുന്നതിനും വ്യവസ്ഥ ചെയ്യുന്നു".

ഇപ്രകാരം പരാമർശം (3) ലെ ഉത്തരവിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ എ&ഇ) ,കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 28-01-2025 12:13:06